REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 27-11-2024** | **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ പ്രതീക്ഷകളും ആവശ്യങ്ങളും നിറവേറ്റുന്നതാണ് ഇന്ത്യൻ ഭരണഘടനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- 2027-ഓടെ ഇന്ത്യയെ ലോകത്തെ മൂന്നാം വൻ സമ്പദ്‌വ്യവസ്ഥയാക്കുകയെന്നത് കേന്ദ്രത്തിന്റെ ദൃഢനിശ്ചയമാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.
- 55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം നാളെ സമാപിക്കും.
- പൊതുവിദ്യാഭ്യാസ രംഗത്തെ കുതിച്ചുചാട്ടത്തിന് കിഫ്ബി വഴിയൊരുക്കിയതായി മന്ത്രി PA മുഹമ്മദ് റിയാസ്.
- എട്ട് വയസ്സിൽ താഴെ പ്രായക്കാരുടെ ലോക കേഡറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവിത് റെഡ്ഡിയ്ക്ക് സ്വർണം.

## വാർത്തകൾ വിശദമായി

**രാജ്യത്തിന്റെ പ്രതീക്ഷകളും ആവശ്യങ്ങളും നിറവേറ്റുന്നതാണ് ഇന്ത്യൻ ഭരണഘടനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പൗരന്മാരുടെ വഴികാട്ടിയാണ് അതെന്നും ഇന്നലെ വൈകിട്ട് സുപ്രീംകോടതിയിലെ ഭരണഘടനാ ദിനാഘോഷ ചടങ്ങിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.**

**ഡെസ്ക്ക് റിപ്പോർട്ട്.**

**....(വോയ്സ്)......**

**രാജ്യത്തിന്റെ ഇന്നിനെയും ഭാവിയെയും മുന്നോട്ടു നയിക്കുന്നത് ഭരണഘടനയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 75 വർഷത്തെ**

വെല്ലുവിളികൾ നേരിടാൻ നേർവഴി കാണിച്ചത് ഭരണഘടനയായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

ജനാധിപത്യത്തിന്റെ മാതാവായി അറിയപ്പെടുന്ന ഇന്ത്യയിൽ ജനാധിപത്യ തത്വങ്ങളുടെ ജീവിക്കുന്ന രേഖയാണ് ഭരണഘടനയെന്ന് ചടങ്ങിൽ കേന്ദ്രമന്ത്രി അർജുൻ റാം മേഘ്-വാൾ പറഞ്ഞു.

ഭരണഘടന അംഗീകരിച്ച 1949 നവംബർ 26 ഇന്ത്യാ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമായിരുന്നെന്ന് ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന ചടങ്ങിൽ അഭിപ്രായപ്പെട്ടു.

✪✪✪

ബാലവിവാഹമുക്ത ഭാരതം എന്ന മുദ്രാവാക്യവുമായി സംഘടിപ്പിക്കുന്ന ദേശീയ പ്രചാരണത്തിന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി ഇന്ന് ന്യൂഡൽഹിയിൽ തുടക്കമിടും. ഉദ്ഘാടന ചടങ്ങിൽ ബാല വിവാഹ രഹിത ഭാരത് പോർട്ടലും അവർ പ്രകാശനം ചെയ്യും. ബാലവിവാഹത്തിനെതിരായ സാമൂഹ്യ പ്രതിജ്ഞയ്ക്കും കേന്ദ്രമന്ത്രി നേതൃത്വം നൽകും.

✪✪✪

2027-ഓടെ ഇന്ത്യയെ ലോകത്തെ മൂന്നാം വൻ സമ്പദ്‌വ്യവസ്ഥയാക്കുകയെന്നത് കേന്ദ്രഗവണ്മെന്റിന്റെ ദൃഢനിശ്ചയമാണെന്നും, ഈ യാത്രയിൽ സഹകരണ മന്ത്രാലയം മികച്ച പങ്ക് വഹിക്കുമെന്നും ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).....

രാജ്യത്തെ ഓരോ പൗരനെയും ഉൾക്കൊള്ളുന്ന വികസനമാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നതെന്നും ഇതിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തം പ്രധാനമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷന്റെ വജ്രജൂബിലി ആഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാഥമിക കാർഷിക സഹകരണ വായ്പാ സൊസൈറ്റികൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയുടെ ത്രിതല ഘടന രാജ്യത്തെ കർഷകരും ഗ്രാമങ്ങളും കൈവരിച്ച പുരോഗതിയിൽ പ്രധാന പങ്കുവഹിച്ചതായി അമിത്ഷാ പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിന് ഇന്ന് തമിഴ്നാട്ടിലെത്തും. ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിലെ നാളത്തെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരിയിൽ ഗോത്രവർഗ വിഭാഗങ്ങളുമായി വെള്ളിയാഴ്ച മുർമു സംവദിക്കും. തിരുവാരൂരിലെ തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ബിരുദദാന ചടങ്ങിനെയും, ശനിയാഴ്ച രാഷ്ട്രപതി അഭിസംബോധന ചെയ്യും.

✪✪✪

2030 ഓടെ രാജ്യത്തെ കുളമ്പുരോഗ മുക്തമാക്കാൻ ഗവൺമെന്റ് നടപടിയെടുത്തു വരികയാണെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്നലെ ദേശീയ ക്ഷീരദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്ത് ഏറ്റവും കൂടുതൽ പാലുൽപാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണെന്ന് അദ്ദേഹം അറിയിച്ചു. രാജ്യവികസനത്തിന് പാലിന്റെയും, ക്ഷീരവ്യവസായത്തിന്റെയും പ്രസക്തി അംഗീകരിക്കാനാണ് എല്ലാ വർഷവും നവംബർ 26 ക്ഷീരദിനമായി ആഘോഷിക്കുന്നത്. ധവള വിപ്ലവത്തിന് നേതൃത്വം നൽകിയ ഡോ. വർഗീസ് കുര്യന്റെ ജന്മദിനം കൂടിയാണ് ഈ ദിവസം.

✪✪✪

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ പോൾ ചെയ്ത വോട്ടുകളും, എണ്ണിയ വോട്ടുകളും തമ്മിൽ പൊരുത്തക്കേടുണ്ടെന്ന ഓൺലൈൻ ന്യൂസ് പോർട്ടൽ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. തെറ്റിദ്ധാരണാജനകവും കൃത്യതയില്ലാത്തതും, വസ്തുതാവിരുദ്ധവുമാണ് റിപ്പോർട്ടെന്ന് കമ്മീഷൻ വിലയിരുത്തി. തപാൽവോട്ടുകൾ കണക്കിലെടുക്കാതെയാണ് പോർട്ടൽ റിപ്പോർട്ട് തയ്യാറാക്കിയതെന്ന് കമ്മീഷൻ വിശദീകരിച്ചു.

✪✪✪

പെൻഷൻകാരുടെയും മുതിർന്ന പൗരന്മാരുടെയും സൗകര്യത്തിനായി നടപ്പാക്കിയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് പദ്ധതി ഒരു കോടി പിന്നിട്ടതായി കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. DLC -3.0 പ്രചാരണത്തിന്റെ ഫലമാണ് ഇതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഫെൻങ്കൽ ചുഴലിക്കാറ്റിന്റെ സാഹചര്യത്തിൽ തമിഴ്നാട്ടിലെ മൂന്ന് ജില്ലകളിൽ അതിതീവ്ര മഴ സാധ്യത മുൻനിർത്തി കേന്ദ്രകാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകി. മൈലാടുംതുറൈ, നാഗപട്ടണം, തിരുവാരൂർ ജില്ലകളിലും, പുതുച്ചേരിയിലെ കാരയ്ക്കലിലുമാണ് മുന്നറിയിപ്പു നൽകിയത്.

✪✪✪

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്തിന്റെ കുതിച്ചുചാട്ടത്തിന് കിഫ്ബി പദ്ധതി വഴിയൊരുക്കിയെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അഭിപ്രായപ്പെട്ടു. മാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിർമ്മിത ബുദ്ധി മേഖലയിലേക്ക് പഠനത്തെ എത്തിക്കാൻ സാധിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

നവീകരിച്ച് ദീപാലംകൃതമാക്കിയ ഫറോക്ക് പുതിയ പാലം മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. പാലത്തിലെ ദീപാലങ്കാരം മന്ത്രി സ്വിച്ച് ഓൺ ചെയ്തു. ദീപം കൊണ്ട് അലങ്കരിച്ച പാലങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറുകയാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ ഏകാദശിയുടെ ഭാഗമായി ചെമ്പൈ സംഗീതോത്സവത്തിന് ഇന്നലെ വൈകിട്ട് തുടക്കമായി. സംഗീതോത്സവ ചടങ്ങ് മന്ത്രി ഡോ R ബിന്ദു ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ ദേവസ്വം ഏർപ്പെടുത്തിയ ഈ വർഷത്തെ ശ്രീഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരം പ്രശസ്ത വയലിനിസ്റ്റ് A. കന്യാകുമാരിക്ക് മന്ത്രി സമ്മാനിച്ചു. മികച്ച ഗായകനായി സംസ്ഥാന പുരസ്കാരം ലഭിച്ച, വിദ്യാധരൻ മാസ്റ്ററെ ചടങ്ങിൽ ആദരിച്ചു.

ഇന്ന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ PS ദിനേശൻ നമ്പൂതിരിപ്പാട് സംഗീത മണ്ഡപത്തിൽ ഭദ്ര ദീപം തെളിയിക്കുന്നതോടെ സംഗീതാർച്ചനകൾക്ക് തുടക്കമാകും.

✪✪✪

ശബരിമല സന്നിധാനത്തും പതിനെട്ടാംപടിയിലും പത്തു ദിവസമായി മികച്ച സേവനം നൽകുന്ന പൊലീസ് സ്വാമിമാർ പതിനെട്ടാംപടിയിൽ

കൊടിമരത്തിന് പുറം തിരിഞ്ഞു നിന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്ത സംഭവത്തിൽ പന്തളം കൊട്ടാരം ദു:ഖവും വിയോജിപ്പും അറിയിച്ചു. പതിനെട്ടാം പടിയുടെ പവിത്രത കാത്തുസൂക്ഷിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കണമെന്നും പന്തളം കൊട്ടാരം നിർവാഹക സംഘം സെക്രട്ടറി MRS വർമ്മ വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു.

✪✪✪

മണ്ഡല- മകരവിളക്ക് കാലത്ത് തുറവൂർ മഹാക്ഷേത്രത്തെയും ശബരിമലയും ബന്ധിപ്പിച്ച് ചേർത്തല- തുറവൂർ- പമ്പ KSRTC ബസ് സർവീസ് മന്ത്രി P പ്രസാദ് ഫ്ലാഗ് ഓഫ് ചെയ്തു. രാവിലെ 6.40-ന് തുറവൂരിൽ നിന്നും പുറപ്പെട്ട് ഉച്ചയ്ക്ക് ഒരു മണിക്ക് പമ്പയിൽ എത്തുന്ന രീതിയിലാണ് സർവീസ്.

✪✪✪

ടോക്കിയോ ഒളിമ്പിക്സിലെ വെങ്കല മെഡൽ ജേതാവ് ബജ്റംഗ് പുനിയയെ ദേശീയ ഉത്തേജക മരുന്ന് പരിശോധനാ ഏജൻസി - NADA- നാലു വർഷത്തേക്ക് വിലക്കി. ദേശീയ ടീം തിരഞ്ഞെടുപ്പ് ട്രയൽസിൽ സാമ്പിൾ നൽകാൻ വിസമ്മതിച്ചതിനെ തുടർന്നാണ് നടപടി. കഴിഞ്ഞ ഏപ്രിൽ 23 ന് NADA പുനിയയെ താത്ക്കാലികമായി സസ്പെൻഡ് ചെയ്തിരുന്നു.

✪✪✪

എട്ട് വയസ്സിൽ താഴെ പ്രായക്കാരുടെ ലോക കേഡറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവിത് റെഡ്ഡി സ്വർണം നേടി. ഇന്ത്യയുടെ തന്നെ സാത്വിക് സ്വെയ്ൻ വെള്ളിയും, ചൈനയുടെ സിമിംഗ് ഗുവോ വെങ്കലവും നേടി.

✪✪✪

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് ഓൾ ഇന്ത്യാ വാർഷിക ജനറൽ ബോഡി യോഗം മറ്റന്നാൾ കണ്ണൂരിൽ ആരംഭിക്കും. ഡിസംബർ ഒന്നു വരെ നീളുന്ന പരിപാടിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കുമെന്ന് സ്വാഗത സംഘം ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരളാ തീരത്ത് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗതത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

ഉപതിരഞ്ഞെടുപ്പിൽ ആരും തോറ്റെന്നു കരുതാൻ കഴിയില്ലെന്നും കിട്ടേണ്ടത് എല്ലാവർക്കും കിട്ടിയെന്നും SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അഭിപ്രായപ്പെട്ടു. E.P ജയരാജനെതിരെ തെരഞ്ഞെടുപ്പ് ദിവസം ഉണ്ടായ അന്തർ നാടകം അദ്ദേഹത്തെയും ഗവൺമെന്റിനെയും ആക്രമിക്കാൻ വേണ്ടിയായിരുന്നെന്നും വെള്ളാപ്പള്ളി പറഞ്ഞു. മുസ്ലിം ലീഗ് ഒരിക്കലും മതേതര പാർട്ടിയല്ലെന്നും വെള്ളാപ്പള്ളി ആലപ്പുഴയിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് പ്രത്യേക വോട്ടർ പട്ടിക പുതുക്കൽ സംവിധാനത്തിൽ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം നാളെ അവസാനിക്കും. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ജനുവരി 6 ന് പ്രസിദ്ധപ്പെടുത്തുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

പൊതു പ്രവർത്തകനെ രാഷ്ട്രീയ പകയോടെ വേട്ടയാടുകയും തിരഞ്ഞെടുപ്പിൽ തോൽപ്പിക്കുകയും ചെയ്തതിന് മാന്യത അവശേഷിക്കുന്നുണ്ടെങ്കിൽ CPIM മാപ്പു പറയണമെന്ന് മുസ്ലിം ലീഗ് നേതാവ് KM ഷാജി ആവശ്യപ്പെട്ടു. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ പോരാട്ടം ശക്തമായി നയിക്കാൻ സുപ്രീംകോടതി വിധിയിലൂടെ പുതിയ ഊർജ്ജം ലഭിച്ചതായി KM ഷാജി പറഞ്ഞു. ഷാജിക്കെതിരായ കോഴയാരോപണത്തിൽ സുപ്രീംകോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിരുന്നു.

✪✪✪

കോഴിക്കോട് പന്തീരാങ്കാവ് ഗാർഹിക അതിക്രമ കേസിൽ യുവതിയുടെ ഭർത്താവ് രാഹുലിനെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. പന്തിരാങ്കാവ് പോലീസാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

✪✪✪

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് പന്ത്രണ്ട് വിളക്കോടെ ഇന്ന് സമാപനമാകും. സന്ധ്യയ്ക്ക് ആൽത്തറകളിലെ കൽവിളക്കുകളിൽ ദീപങ്ങൾ തെളിയിച്ചും ദീപാരാധന ദർശിച്ചും ഭക്തർ ഭജനംപാർക്കൽ പൂർത്തിയാക്കും.

✪✪✪